"ഭരണഭാഷ മാതൃഭാഷ"

നം. ICDS/A3-898/18

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 12.09.2018
Email : swdicds@gmail.com
Phone: 0471-2346508 Fax: 0471-2346534

വനിതാ ശിശുവികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം :വനിതാ ശിശുവികസന വകുപ്പ്- ഐ.സി.ഡി.എസ് - ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16) 66 -ാമത് റിപ്പോർട്ടിലെ 64- ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന 15.05.2018, 06.08.2018 എന്നീ തീയതികളിലെ സാനീവ-ബി1/606/2017/സാനീവ നമ്പർ കത്ത്.

Local Fund Accounts Committee (2014-16) യുടെ 66- ാമത് റിപ്പോർട്ടിലെ (ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും-പ്രവർത്തനാവലോകനം സംബന്ധിച്ച്)64- ാം ഖണ്ഡികയിൽ റവന്യൂ, സാമൂഹ്യക്ഷേമ ം, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവ ഏകോപിപ്പിച്ച് സുശക്തവും കുറ്റമറ്റതുമായ ശിശുക്ഷേമ അങ്കണവാടി സംവിധാനം സൃഷ്ടിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുവാനും ആയതിലേയ്ക്കായി അങ്കണ വാടികളുടെ അടിസ്ഥാന സൗകര്യ വിപുലീകരണത്തെയും നവീകരണത്തെയും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും പരിഹാരങ്ങൾ കണ്ടെത്തുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള 14 അംഗ ജില്ലാതല ഐ.സി.ഡി.എസ് Monitoring Support Committee യുടെ മീറ്റിംഗിന്റെ അജണ്ടയിൽ സ്ഥിരമായി ടി വിഷയം ചർച്ച ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടതാണ്. കമ്മിറ്റിയിൽ സ്വീകരിച്ച് തീരുമാനങ്ങൾ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. 66- ാമത് റിപ്പോർട്ടിന്റെ 64- ാം ഖണ്ഡിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**വനിതാ ശിശുവികസന ഡയറക്ടർക്കു വേണ്ടി**

S.N. SIVANYA
Assistant Director
Women and Child Development
Department
Thiruvananthapuram-695012

GB